ഗവ. എൽ പി & പ്രീ - പ്രൈമറി സ്കൂൾ
കുന്നിക്കോട്



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഉണർവ്

2025 - 26

# ഗവ. എൽ പി & പ്രീ - പ്രൈമറി സ്കൂൾ കുന്നിക്കോട്

| | | |
|---|---|---|
| സ്കൂളിൻ്റെ പേര് | : | ഗവ.എൽ പി & പ്രീ - പ്രൈമറി സ്കൂൾ, കുന്നിക്കോട് |
| ഉപജില്ല. | : | പുനലൂർ |
| വിദ്യാഭ്യാസ ജില്ല | : | പുനലൂർ |
| ജില്ല | : | കൊല്ലം |
| പഞ്ചായത്ത് | : | വിളക്കുടി |
| താലൂക്ക് | : | പത്തനാപുരം |
| വില്ലേജ് | : | വിളക്കുടി |
| സ്കൂൾ കോഡ് | : | 40416 |
| ബി. ആർ. സി | : | പുനലൂർ |
| ഇ- മെയിൽ | : | glpskunnicode@gmail.com |

# സ്കൂൾ ചരിത്രം

കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ വിളക്കുടി വില്ലേജിൽ വിളക്കുടി ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ ദേശീയപാത 208 ൽ നിന്നും ഉദ്ദേശം 50 മീറ്റർ അകലെ കുന്നിക്കോട് പത്തനാപുരം റോഡിൻറെ പടിഞ്ഞാറ് ഭാഗത്തായി 15 സെന്റ് വളപ്പിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

1909 ലാണ് ഈ സ്കൂൾ സ്ഥാപിതമായത്.116 വയസ്സ് പൂർത്തിയാകുന്ന ഇന്നത്തെ ഈ മുത്തശ്ശി വിദ്യാലയം സ്ഥാപിതമാകും വരെ പ്രാഥമിക വിദ്യാഭ്യാസത്തിന് ഈ പ്രദേശത്ത് സൗകര്യമുണ്ടായിരുന്നില്ല. ഇത് പരിഗണിച്ച് ഉൽപതിഷ്ണുക്കളായ ചിലർ മുൻകൈയെടുത്ത് തിരുവിതാംകൂർ ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഈ സ്കൂൾ അനുവദിപ്പിക്കുകയായിരുന്നു എന്ന് പറയപ്പെടുന്നു.

ഓല ഷെഡ്ഡിൽ ആരംഭിച്ച് കാലക്രമേണ 100 അടി ഓടിട്ട കെട്ടിടവും കുറെ വർഷങ്ങൾക്കുശേഷം 60 അടി ഓടിട്ട കെട്ടിടവും അതിനോട് കൂട്ടിച്ചേർത്ത് സ്കൂൾ വിപുലമാക്കി ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകൾ നടന്നു വന്നിരുന്നു.

സംസ്കൃതം സ്കൂൾ എന്ന പേരിൽ സ്വകാര്യ വ്യക്തി ഗവൺമെൻറ് സഹായത്തോടെ ആരംഭിക്കുകയും പിന്നീട് ആവണീശ്വരം ഹൈസ്കൂൾ ആയി നാമകരണം ചെയ്യപ്പെട്ട് പത്താംതരം വരെ പ്രവർത്തിച്ചുവരികയും ഇന്ന് വളർന്നു വികസിച്ച് വെക്കേഷണൽ സ്കൂൾ ആവുകയും എപിപി എംവിഎച്ച്എസ്എസ് എന്ന പേരിൽ അറിയപ്പെടുകയും ചെയ്യുന്ന പഴയ സംസ്കൃതം സ്കൂളിൻറെ ആവിർഭാവത്തോടെ 4 വരെ ക്ലാസുകളായി കുന്നിക്കോട് ജി എൽ പി എസ് - ൽ പഠനം പരിമിതമാക്കപ്പെട്ടു. ഈ നില ഇപ്പോഴും തുടരുന്നു.

കാലപ്പഴക്കം കൊണ്ട് കേട്ടുപാടുകൾ സംഭവിച്ച വിദ്യാലയ ശ്രീ ഗണേഷ് കുമാർ എംഎൽഎയുടെ ആസ്തി വികസന ഫണ്ടി നിന്നും ഇരുനില കെട്ടിടമാക്കി പുതുക്കി. 2024 ഓഗസ്റ്റ് 12 ന് പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു. നിലവിൽ പ്രീ -പ്രൈമറി മുതൽ നാലാ ക്ലാസ് വരെയാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഓട്ടിസം സെൻററു സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്നുണ്ട്.

# അവസ്ഥാ വിശകലനം

❖ കുട്ടികളുടെ എണ്ണം

| ക്ലാസ് | പ്രീ -പ്രൈമറി | I | II | III | IV |
|---|---|---|---|---|---|
| കുട്ടികളുടെ എണ്ണം | | | | | |

❖ അധ്യാപകരുടെ എണ്ണം

| വിഭാഗം | അധ്യാപകരുടെ എണ്ണം | വർഷങ്ങളായി ഇവിടെ പ്രവർത്തിക്കുന്നവർ |
|---|---|---|
| എൽ പി | 5 | 2 |
| പ്രീ പ്രൈമറി | 1 | 1 |

❖ മറ്റ് ജീവനക്കാർ

പി. റ്റി .സി .എം. – 1

ആയ - 1

❖ വിദ്യാലയം- പൊതു വിശകലനം

വിദ്യാലയത്തിലെ കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി നല്ല നിലവാരം പുലർത്തുന്നവർ അല്ല. കാർഷിക മേഖല ,കൺസ്ട്രക്ഷൻ മേഖല, കൂലിപ്പണി എന്നിവയിലാണ് കൂടുതൽ രക്ഷിതാക്കളും. വിദ്യാലയവുമായി ഏത് അവസരത്തിലും ബന്ധപ്പെടാനും പ്രശ്നങ്ങൾ ചർച്ച ചെയ്യാനുമുള്ള അവസരമുണ്ട്. രക്ഷിതാക്കൾ ഇത് പ്രയോജനപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ വിദ്യാലയവും രക്ഷിതാക്കളും തമ്മിൽ നല്ല ഹൃദയബന്ധം കാത്തുസൂക്ഷിക്കാൻ സാധിക്കുന്നു.

❖ നിലവിലെ നേട്ടങ്ങൾ

- 2024- 25 അധ്യാന വർഷത്തിൽ മൂന്നു കുട്ടികൾ എൽഎസ്എസ് നേടി.
- ശാസ്ത്ര ഗണിതശാസ്ത്ര സാമൂഹ്യശാസ്ത്രമേളയിൽ പങ്കെടുത്ത് മെച്ചപ്പെട്ട വിജയം കൈവരിച്ചു.
- സബ്ജില്ലാ കലോത്സവങ്ങളിൽ മികച്ച ഗ്രേഡുകൾ കരസ്ഥമാക്കി.
- ആരോഗ്യ ബോധവൽക്കരണ ക്ലാസ് നടത്തിവരുന്നു.
- വായന പരിപോഷണ പരിപാടികൾ വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനങ്ങളും നടത്തിവരുന്നു.
- പ്രീ പ്രൈമറിയിൽ വർണക്കൂടാരം പദ്ധതി അനുവദിച്ചു.

❖ പോരായ്മകൾ

- വിവരസാങ്കേതികവിദ്യ ക്ലാസ് മുറികളിൽ അവതരിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളുടെ അപര്യാപ്തത

- കുട്ടികളുടെ വ്യത്യസ്ത കുടുംബ പശ്ചാത്തലം.
- അധ്യാപകർ ലീവ് എടുക്കേണ്ടി വന്നാൽ പകരം സംവിധാനം ഇല്ലാത്തത്.
- സ്പെഷലിസ്റ്റ് അധ്യാപകർ ഇല്ലാത്തതിനാൽ കലാകായിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട്.

## പൊതു ലക്ഷ്യങ്ങൾ

➢ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ച എന്ന് ഉറപ്പുവരുത്തും .

➢ ലോവർ പ്രൈമറി ഘട്ടം പൂർത്തിയാകുമ്പോഴേക്കും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കളെ അറിയിക്കും.

➢ കുട്ടികളുടെ സർഗ്ഗപരവും, ശാസ്ത്ര ഗണിതശാസ്ത്ര, പ്രവൃത്തി പരിചയമേളകളും കല കായിക വാസനകളും കണ്ടുപിടിച്ച് പ്രോത്സാഹനം നൽകി ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും.

➢ എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തും.

➢ ഭാഷാ വ്യവഹാര ശേഷിക്ക് കൂടുതൽ ഊന്നൽ നൽകി പ്രാപ്തരാക്കും.

➢ ലൈബ്രറി വായന ശാക്തീകരിക്കും.

➢ മനക്കണക്ക് ചതുഷ്ക്രിയകൾ എന്നിവ സ്വായത്തമാക്കാനുള്ള കൂടുതൽ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകൽ . നാലാം ക്ലാസിൽ എൽഎസ്എസ് പരീക്ഷയ്ക്ക് എല്ലാവർക്കും നല്ല കോച്ചിംഗ് നൽകൽ പിന്തുണ സഹായം നൽകൽ.

# ക്ലാസ്സ് 1

മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കൽ | കുട്ടികളുമായി സൗഹൃദ സംഭാഷണം നടത്താൻ സ്വന്തം അനുഭവങ്ങൾ പറയാൻ അവസരം നൽകാൻ. കഥ കേൾപ്പിക്കൽ പാട്ടുകൾ കേൾക്കൽ | ജൂൺ ജൂലൈ | ക്ലാസ് അധ്യാപിക | |
| വായന/ എഴുത്ത് പ്രോത്സാഹിപ്പിക്കൽ | ചിത്ര വായന സ്വതന്ത്ര ചിത്രരചന | ആഗസ്റ്റ് | ക്ലാസ് അധ്യാപിക | |
| വായന/ എഴുത്ത് എന്നിവയിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി മുൻനിരയിൽ എത്തിക്കൽ | അക്ഷരങ്ങൾ/ ചിഹ്നങ്ങൾ ഉറപ്പിക്കൽ, പദക്കാർഡ്- അക്ഷരങ്ങൾ തിരിച്ചറിയൽ വാക്യ നിർമ്മാണം പദപ്രശ്നം- വിട്ട അക്ഷരങ്ങൾ ചേർക്കൽ വായനാ കാർഡ്- ചെറുവാക്യങ്ങൾ | ജൂലൈ- ഒക്ടോബർ | ക്ലാസ് അധ്യാപിക | |
| | വായനക്കാർഡ് നിർമ്മാണം | ഓഗസ്റ്റ് | ക്ലാസ് അധ്യാപിക രക്ഷിതാക്കൾ | |

## ഒന്നാം തരം പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ശേഖരിച്ച വിവരങ്ങളും വസ്തുതകളും വ്യത്യസ്ത രീതിയിൽ തരം തിരിക്കാനുള്ള കഴിവ് വികസിപ്പിക്കൽ | കരയിലും ജലത്തിലും ഉള്ള ജീവികൾ<br>സി.ഡി പ്രദർശനം<br>ലഘുപരീക്ഷണങ്ങൾ (മഴ വെള്ളം മണ്ണിൽ താഴുന്നു)<br>മഴമേളം കേൾക്കാം -<br>വിവിധ ആഘോഷങ്ങൾ -<br>ചിത്രശേഖരണം<br>ചിത്രം വരയ്ക്കാം - പഴം/ പച്ചക്കറി | ജൂൺ | സി.ഡി. പ്രദർശനം | അധ്യാപകർ<br>പി.ടി.എ<br>രക്ഷിതാക്കൾ |
| വസ്തുക്കളെ താരതമ്യം ചെയ്ത് സാമ്യ വ്യത്യാസങ്ങൾ കണ്ടെത്തൽ | ചെടികളുടെ പേരുപറയാം - എഴുതാം<br>ചെടിയുടെ ചിത്രം വരയ്ക്കൽ<br>ചിത്രനിരീക്ഷണം-<br>ചെറുനിഗമനത്തിലെത്തൽ<br>പ്രകൃതി നിരീക്ഷണം | 3 മാസം | ഐ.സി.ടി | അധ്യാപകർ<br>പി.ടി.എ<br>രക്ഷിതാക്കൾ<br>നാട്ടുവൈദ്യൻ |

## ഒന്നാംതരം ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| രണ്ടു സംഖ്യകൾ തമ്മിലുള്ള സങ്കലനം വ്യവകലനം വസ്തുക്കളെയും രൂപങ്ങളെയും ആകൃതിക്കനുസരിച്ച് തരം തിരിക്കൽ, പുതിയ രൂപങ്ങൾ ഉണ്ടാക്കൽ അളവുകൾ, നാണയങ്ങൾ നോട്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രാഥമിക ധാരണകൾ ഉണ്ടാക്കൽ | പൊട്ടുകൾ എണ്ണാം സംഖ്യ എഴുതാം<br>ഗണിതപ്പാട്ട്<br>മുന്നിൽ/പിന്നിൽ -കളി സംഖ്യാക്കളി)<br>ചിത്രം വരയ്ക്കാം എണ്ണി എഴുതാം.<br>ചിത്രനിരീക്ഷണം<br>കൂടിച്ചേരാം (സങ്കലനം)<br>സംഖ്യാമാല<br>ബാക്കി എത്രപേർ<br>എങ്ങനെയൊക്കെ?<br>കൂട്ടുകാരെ കണ്ടെത്താം.<br>മാന്ത്രിക ചതുരം<br>ഒളിച്ചിരിക്കുന്നതാര്?<br>ഊഹിക്കാം കണ്ടെത്താം.<br>ചിത്രം നോക്കാം- രൂപങ്ങൾ തിരിച്ചറിയാം.<br>പുതിയ രൂപങ്ങൾ -നിർമ്മാണം -<br>ബിൽതുക കണ്ടെത്താം - | ജൂൺ മുതൽ മാർച്ച് | കാർഡുകൾ<br>മഞ്ചാടി<br>ഈർക്കിൽ<br>മുത്തുകൾ<br>ഐ.സി.ടി | എസ്.എസ്.എ<br>മുനിസിപ്പാലിറ്റി<br>അധ്യാപകർ<br>പി.ടി.എ<br>രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| സംഖ്യാ ബോധം ദൈനംദിനജീവിത സന്ദർഭങ്ങളുമായി ഗണിത ആശയങ്ങൾ ലഭ്യമാക്കൽ | ചിത്രനിരീക്ഷണം<br>വസ്തുക്കളെ താരതമ്യം ചെയ്യൽ<br>വലുത്/ചെറുത്<br>കൂടുതൽ/കുറവ്<br>അകലെ/അടുത്ത്<br>ചിത്രവായന - വസ്തുക്കളുടെ സ്ഥാനം തിരിച്ചറിയൽ<br>ഗണിത കളികൾ<br>ഗണിതവുമായി ബന്ധപ്പെടുത്തി കഥകൾ പറയൽ<br>പ്രകൃതി നിരീക്ഷണം (മുകളിൽ/താഴെ കൂടിയ/കുറഞ്ഞ)<br>കടങ്കഥകൾ (ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വണ്ടികളി<br>ചിത്രവായന - എത്ര കൂട്ടങ്ങൾ<br>എണ്ണാം - കണ്ടെത്താം<br>എണ്ണിയെടുക്കാം (മഞ്ചാടി/കുന്നിക്കുരു ഈർക്കിൽ)<br>വലിയ കൂട്ടം/ചെറിയകൂട്ടം തിരിച്ചറിയൽ<br>അക്കങ്ങൾ പരിചയപ്പെടാം. | ജൂൺ<br>ആഗസ്റ്റ്<br><br>നിരന്തരം | വസ്തുക്കൾ<br>ഐ.സി.ടി<br><br>ഐ.സി.ടി<br>സാധ്യത | |

## Std -I English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| To make sentences conveys expression of introduction of gratitude greetings, requests, etc Describe familiar objects<br><br>Enable the learner to increase the effiency of Vocabulary | Includes stories, plays, Rhyme, Pictures and activities<br><br>Flash cards<br>Using ICT<br>Story felling<br>A word a day<br>play word game<br>Label house hold items<br>Mateching words with picture<br>New words<br>Mateching words and sentences<br><br>Picture reading<br>Complete the story<br>Skit Roloplay, conversation<br>Memmory testing gaeme<br>Hat play<br>Making Dictionary<br>Run and play | June<br>to<br>March | Ccard<br>Books<br><br>ICT | teachers<br>PTA<br>Clubs<br>parents |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| നിരീക്ഷണം | ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുന്നു. | 1 വർഷം | ഐ.സി.ടി | പി.ടി.എ<br>അധ്യാപകർ,<br>രക്ഷിതാക്കൾ |
| വർഗ്ഗീകരണം | വർഗ്ഗീകരണത്തിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | | | |
| ആശയം വിനിമയം ചെയ്യൽ | ആളുകളുമായി കൂടിക്കാഴ്ച നടത്തി ആശയ വിനിമയം ചെയ്യുന്നു. | | | |
| നിഗമനം രൂപീകരിക്കൽ<br>പരീക്ഷണത്തിൽ ഏർപ്പെടൽ | നിഗമനത്തിൽ എത്തിച്ചേരാനുതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | 1 വർഷം | വസ്തുക്കൾ | എസ്.എസ്.എ<br>ഡയറ്റ്<br>പി.ടി.എ<br>അധ്യാപകർ |
| ശുചിത്വ ബോധം | മുങ്ങുമോ പൊങ്ങുമോ -<br>നാണയം എങ്ങനെ വെള്ളം തൊടാതെ എടുക്കാം തുടങ്ങിയ ലഘു പരീക്ഷണങ്ങൾ | | ചിത്രങ്ങൾ | |
| ഗതാഗതനിയമങ്ങൾ | റോഡുനിയമങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നൽകുന്നു. | 2 മാസം | ഐ.സി.ടി<br>ചിത്രങ്ങൾ | |
| ശുചിത്വശീലങ്ങൾ | ശുചിത്വകലണ്ടർ തയ്യാറാക്കൽ | | | |
| | ശുചിത്വപ്പാട്ട്<br>ശുചിത്വശീലങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കൾ പട്ടികപ്പെടുത്തൽ. | | ഐ.സി.ടി<br>ചിത്രങ്ങൾ | എസ്.എസ്.എ |

## രണ്ടാം തരം ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് വായനയിലും എഴുത്തിലും പിന്നാക്കാവസ്ഥ പരിഹരിക്കുക, മികച്ച വായനക്കാരാക്കുക ഭാഷാവ്യവഹാരരൂപങ്ങൾ പരിചയപ്പെടുക, കുട്ടികളുടെ സർഗ്ഗ വായന പരിപോഷിപ്പിക്കുക. | പ്രീടെസ്റ്റ് - നൽകി<br>പ്രീ-ടെസ്റ്റിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അപ്പോൾ തന്നെ ലളിതമായ പഠനപ്രവർത്തനങ്ങൾ നൽകുന്നു. ആഭരണമണിയിക്കാം. പുതിയ വാക്കുകളും വാക്യങ്ങളും കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ. | ജൂൺ<br>രണ്ടാം ദിവസം | കാർഡുകൾ | അധ്യാപകർ<br>പി.ടി.എ<br>സന്നദ്ധ സംഘടനകൾ |
| ലൈബ്രറി ശാക്തീകരിക്കൽ | ലൈബ്രറി പുസ്തകം ആശയം ഗ്രഹിച്ച് വായിക്കൽ | പ്രതിദിനം നിരന്തരം | ലൈബ്രറി പുസ്തകങ്ങൾ<br>വായനശാല | എസ്.എസ്.എ<br>അധ്യാപകർ<br>രക്ഷിതാക്കൾ<br>സന്നദ്ധ സംഘടനകൾ |
| **ലേഖനം**<br>അക്ഷരങ്ങൾ ചിഹ്നങ്ങൾ ചേർത്ത് തെറ്റ് കൂടാതെ വാക്യങ്ങൾ എഴുതൽ | ആഭരണം അണിയക്കാം, പദങ്ങൾ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കൽ, വിട്ടുപോയ ചിഹ്നങ്ങൾ ചേർക്കൽ, സൂചനകളിൽ നിന്ന് കഥ, ഡയറി, ക്ഷണക്കത്ത്, ആശംസാ കാർഡുകൾ എന്നിവ. | നിരന്തരം | കാർഡുകൾ<br>ഐ.സി.ടി സാധ്യത | അധ്യാപകർ<br>രക്ഷിതാക്കൾ<br>സന്നദ്ധ സംഘടനകൾ |
| പിന്നാക്കക്കാർക്ക് പ്രത്യേക പരിഗണന | പിന്നാക്കക്കാരായ കുട്ടികൾക്ക് ദിവസവും ഒരു മണിക്കൂർ വീതം പ്രത്യേക കോച്ചിംഗ് നൽകി അവരെ പഠനത്തിൽ തല്പരരാക്കൽ. | എല്ലാദിവസവും | ഐ.സി.ടി<br>കാർഡുകൾ | അധ്യാപകർ<br>രക്ഷിതാക്കൾ<br>സന്നദ്ധ സംഘടനകൾ |

# മൂന്നാംതരം പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| • കൗതുകം, ജിജ്ഞാസ, നിരീക്ഷണം എന്നിവ പരിപോഷിപ്പിക്കുക<br>• ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുക<br>• നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുക.<br>മനോഭാവങ്ങളിലും മൂല്യബോധനത്തിലും വരേണ്ട അഭിലഷണീയ മാറ്റം | • നിരീക്ഷണത്തിനു പ്രാധാന്യം നൽകുക, പ്രകൃതിനിരീക്ഷണം ജിജ്ഞാസ ഉളവാക്കുന്ന പ്രവർത്തനങ്ങൾ കൊടുക്കുക.<br>• ചുറ്റുപാടുമുള്ള സസ്യങ്ങളെ തിരിച്ചറിയൽ<br>ഫീൽഡ് ട്രിപ്പ്<br>• ശാസ്ത്രീയമായ അറിവിനോടും ശാസ്ത്രവിദ്യാഭ്യാസത്തോടും കൂടുതൽ ഇണങ്ങിയതുമായ പരീക്ഷണങ്ങൾ സയൻസ് കോർണർ. | എല്ലായ്പ്പോഴും<br>നിരന്തരം | ഫീൽഡ് ട്രിപ്പ് | അധ്യാപകർ സന്നദ്ധ സംഘടനകൾ, പി.ടി.എ |
| • വ്യക്തിശുചിത്വം സാമൂഹിക ശുചിത്വം പാലിച്ചുകൊണ്ട് ശാരീരിക-മാനസിക സാമൂഹിക ആരോഗ്യം കൈവരിക്കാൻ സഹായിക്കുക. | രോഗങ്ങൾ വരാതിരിക്കാൻ എന്തൊക്കെ കാര്യങ്ങൾ ചെയ്യണം<br>ചർച്ച<br>ശുചിത്വഗ്രാമം - നിരീക്ഷണം<br>ശുചിത്വശീലങ്ങൾ പട്ടികശുചിത്വവുമായി ബന്ധപ്പെട്ട പോസ്റ്റർ | നിരന്തരം<br>എല്ലായ്പ്പോഴും | ശുചിത്വ ചാർട്ട്<br>ഭൂപടം ഓൺലൈൻ കേരളം | പി.ടി.എ അധ്യാപകർ |
| • കേരളത്തിന്റെ 14 ജില്ലകളെ തിരിച്ചറിയൽ<br>•ഔദ്യോഗിക ചിഹ്നങ്ങൾ തിരിച്ചറിയൽ<br>• ഭൂമിയെകുറിച്ചും ആകൃതിയെകുറിച്ചും കടലിനെകുറിച്ചും സൂര്യൻ, ചന്ദ്രൻ എന്നിവയെകുറിച്ചുമുള്ള ധാരണ വർദ്ധിപിക്കൽ | ഭൂപട വായന ജില്ലകൾ പേരെഴുതൽ<br>ജിഗ്സോ പസിൽ ഔദ്യോഗിക ചിഹ്നങ്ങൾ തിരിച്ചറിയൽ<br>ഗോളാകൃതിയാണ് ഭൂമിക്ക്<br>ഗ്ലോബ് നിരീക്ഷണം<br>ഇന്ത്യയുടെ സ്ഥാനം കണ്ടെത്തൽ | ഒരുമാസം | ഗ്ലോബ്<br>ഐ.സി.ടി | അധ്യാപകർ സന്നദ്ധ സംഘടനകൾ, പി.ടി.എ |

# മൂന്നാംതരം ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| • 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യനികാനുള്ള കഴിവ്നേടുന്നു. | • ഗണിതലാബ് ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കൽ<br>• അബാക്കസിൽ സം[illegible]പീകരണം<br>• സംഖ്യാവായന | പ്രതിമാസം | ഐ.സി.ടി | പി.ടി.എ അധ്യാപകർ, |
| ചതുഷ്ക്രിയകൾ ചെയ്യാനുള്ള കഴിവ് നേടൽ | • അക്ഷരത്തിലും അക്കത്തിലും എഴുതൽ<br>• സംഖ്യാപടികൾ നിർമ്മാണം<br>• കുട്ടികളുടെ ഗണിതകിറ്റ് | നിരന്തരം | പുസ്തകം<br>ഗണിത കിറ്റ് | ക്ലബ്ബുകൾ |
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹ രിക്കുന്നതിന് ഗണി തത്തെ ഉപയോഗപ്പെ ടുത്തുന്നു. | • ഗണിത കളികൾ<br>• സംഖ്യാകാർഡ്<br>• സ്ഥാനവില പോക്കറ്റ്<br>• മാന്ത്രിക ചതുരം<br>• കുടുംബബജറ്റ് | | | |
| സ്തുതകളെ ണിത ആശയവു യി ബന്ധപ്പെ ത്തി അപഗ്രഥി നും വ്യാഖ്യാനി നുമുള്ള കഴിവ് ൽ. | • ആകെയെത്ര?<br>• ക്ലാസ് ലൈബ്രറി -ഗണിത<br>• പുസ്തകം<br>• ഗുണനപ്രവർത്തനങ്ങൾ<br>• ബിൽ തുക കണ്ടെത്താം | പ്രതിദിനം | ഐ.സി.ടി | അധ്യാപകർ<br>പി.ടി.എ<br>എസ്.എസ്.എ,<br>മുൻസിപ്പാലിറ്റി |
| ൃതയോടെയും ഷ്മതയോ ം കാര്യങ്ങൾ ുന്നതിനും ന്റ പ്രാധാന്യം ിലാക്കാനും തനാക്കുക. | • പ്രശ്നാപഗ്രഥന ചോദ്യങ്ങൾ<br>• സ്വയം തയ്യാറാക്കൽ -അപഗ്രഥിക്കൽ<br>• മനക്കണക്കായി ഉത്തരം കണ്ടെത്തൽ<br>• സങ്കലനവും വ്യവകലനം ചെയ്യൽ | ഒരുമാസം<br>നിരന്തരം | ഐ.സി.ടി | |
| ം, ത്രികോ | • കലണ്ടർ പ്രവർത്തനം<br>• കലണ്ടർ നിർമ്മാണം<br>• കലണ്ടർ കൗതുകം<br>• ക്ലോക്ക് നിർമ്മാണം<br>• സമയം തിരിച്ചറിയൽ | | | |

# നാലാംതരം ഭാഷ

| പ്രവർത്തനം | കാലയളവ് | ചുമതല | ധനകാര്യം | സ്രോതസ്സ് |
|---|---|---|---|---|
| മലയാളം: വായന, എഴുത്ത്, സ്വതന്ത്രരചന, നല്ലസാഹിത്യരചനകൾ പരിചയപ്പെടുക. | 1 വർഷം | ടീച്ചർ, രക്ഷിതാക്കൾ | | ലൈബ്രറി എസ്.എസ്.എ അധ്യാപകർ രക്ഷിതാക്കൾ |
| **ലേഖനം**<br>**കയ്യെഴുത്ത് മാഗസിൻ**<br>പഠനപ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കുന്നുണ്ട്. ക്ലാസ് തലത്തിൽ എല്ലാകുട്ടികളുടേയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. മാഗസിന്റെ ഗുണത വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തണം ക്ലാസ് തലപത്രാധിപസമിതി പ്രതിമാസ പ്രസിദ്ധീകരണം അവലോകനം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് അവസരമൊരുക്കണം. | എല്ലായ്പ്പോഴും | ടീച്ചർ, രക്ഷിതാക്കൾ | | |
| **ചുമർ മാഗസിൻ**<br>വിഷയസമിതിയിൽ നിലവിലുള്ള ചുമർ മാഗസിൻ വിലയിരുത്തുകയും പരിമിതികളും മികവുകളും കണ്ടെത്തി പുതിയ വർഷത്തെ ചുമർ മാസിക സംബന്ധിച്ച ആശയരൂപീകരണം നടത്തുകയും വേണം ഓരോ യൂണിറ്റ് കഴിയുമ്പോഴും വ്യത്യസ്ത വ്യവഹാരരൂപങ്ങൾ, വാർത്തകൾ, കാർട്ടൂണുകൾ എന്നിവ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുക. ഇതിന്റെ പൂർണ്ണ ചുമതല കുട്ടികളുടെ പത്രാധിപസമിതിയായിരിക്കും. അതാതു ക്ലാസ് ടീച്ചർമാർക്ക് ചാർജ്ജ് കൊടുക്കുക. | രണ്ടുമാസം | ടീച്ചർ, രക്ഷിതാക്കൾ | | |

# നാലാംതരം ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുക.<br>വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവ് നേടുക.<br>കൃത്യതയോടെയും സൂക്ഷ്മതയോടെയും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കാനും പര്യാപ്തനാക്കുക.<br>വസ്തുതകളെ വിശകലനം ചെയ്ത് പൊതുതത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് നേടുക.<br>സംഖ്യാബോധം ഉറപ്പിക്കൽ<br>10000 വരെയുള്ള സംഖ്യകൾ<br>ചതുഷ്ക്രിയകൾ ചെയ്യാനുള്ള കഴിവുനേടൽ | പ്രശ്നാപഗ്രഥന ചോദ്യങ്ങൾ സ്വയം തയ്യാറാക്കൽ -അപഗ്രഥിക്കൽ മനക്കണക്കായി ഉത്തരം കണ്ടെത്തൽ<br>സങ്കലനവും വ്യവകലനം ചെയ്യൽ<br>• കലണ്ടർ പ്രവർത്തനം<br>• കലണ്ടർ നിർമ്മാണം<br>• കലണ്ടർ കൗതുകം<br>• ക്ലോക്ക് നിർമ്മാണം<br>• സമയം തിരിച്ചറിയൽ<br>• സമയ ദൈർഘ്യം കണ്ടെത്തൽ<br>• ചതുരം, ത്രികോണം, വൃത്തം എന്നിവയുടെ ആകൃതി തിരിച്ചറിയൽ.<br>• ചുറ്റളവ് കണ്ടെത്താം<br>• രൂപങ്ങൾ നിർമ്മിക്കൽ പിന്നാക്കക്കാർക്ക് പ്രത്യേകമായി ചുറ്റളവ് ആശയം വരുന്ന പ്രവർത്തനം ചെയ്യിക്കുന്നു.<br>ഗണിതലാബിലെ സാധനങ്ങൾ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കൽ<br>അബ്ബാക്കസിൽ സംഖ്യാരൂപീകരണം – (മുത്തുകൾ ഉപയോഗിച്ച്)<br>സംഖ്യാവായന അക്ഷരത്തിലും അക്കത്തിലും എഴുതൽ ഗണിതകളികൾ<br>കുട്ടികളുടെ ഗണിതകിറ്റ് -അമ്മമാരുടെ സഹായത്തോടെ ഒരുക്കൽ - സംഖ്യാകാർഡ് - സംഖ്യ ഉണ്ടാക്കൽ സ്ഥാനവിലപോക്കറ്റ് ഉപയോഗിച്ച് പിന്നാക്കക്കാർക്ക് സ്ഥാനവില ഉറപ്പിലക്കൽ മാന്ത്രികചതുരം -<br>കുടുംബബജറ്റ്<br>ആകെയെത്ര?<br>ക്ലാസ് ലൈബ്രറി – ഗണിത പുസ്തകങ്ങൾ ഗുണനപ്രവർത്തനങ്ങൾ<br>ഹരണക്രിയകൾ<br>ബിൽതുക കണ്ടെത്താം.<br>പച്ചക്കറിത്തോട്ടം -ഭിന്നസംഖ്യ | രണ്ടുമാസം<br>4 മാസം | ചാർട്ട്, കത്രിക, പശ, അളവ് പാത്രങ്ങൾ | എസ്.എസ്.എ ടീച്ചർ, രക്ഷിതാക്കൾ<br>സന്നദ്ധസംഘടന<br>ടീച്ചർ, രക്ഷിതാക്കൾ |

| | |
|---|---|
| | |
| Read and understand words<br>identify, express, speak in simple language express our feelings Do simple activities understand and respond to simple questions based stories using prepositions prepare notice poster newspaper, conversation, drama. role play etc. | Includes stories, plays, poems, pictures and activities, give interesting and motivating activates. Whenever child need help I will try my maximum<br>Complete the possible conversation, Thoughts, prepare the notice, poster greeting card making, story writing English fest, conducting assembly. Puzzles, picture description, acting drama, skit, role play etc. debate seminar, project work, engaging all children to participate all program. Give freedom of speech and expression in English language |
| English Read and understanding using prepositions prepane notice, poster, conversation expressour fellings, thoughts | |

മേഖല

ഉപമേഖല - അക്കാദമികം

ക്ലാസ്- I to IV - അ ബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br>നവംബർ-ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | -ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രാമറ്റൈസേഷൻ | I- IV<br>I- IV<br>I- IV<br>III- IV<br>I- IV | ജൂലൈ -മാർച്ച്<br>ജൂലൈ -മാർച്ച്<br>ആഗസ്റ്റ്-ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കുട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ<br>Translation.<br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV<br>III- IV<br>II- III-IV<br>II- III-IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സപ്തംബർ - മാർച്ച്<br>ഒക്ടോബർ<br>ഫെബ്രുവരി<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

## പസംഹാരം

അക്കാദമിക് മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ ിലാക്കുന്നതിലൂടെ വിദ്യാലയം ഒരു സാമൂഹ്യസ്ഥാപനമായി മാറുകയും വിദ്യാലയത്തിലെ ൽ കുട്ടികളെയും പ്രചോദരരാക്കി അവരെ നിലവിലുള്ള അവസ്ഥയിൽ നിന്നും കൂടുതൽ ികവിലേക്ക് നയിക്കുന്നതിനും അതുവഴി കൂടുതൽ കുട്ടികളെ സ്കൂളിലേക്ക് ഷിക്കുന്നതിനും കഴിയും എന്ന് പ്രത്യാശിക്കുന്നു.